# സ്നേഹത്തിൻെറ വിളക്ക് കത്തിക്കുക

*(അമേരിക്കൻ മലയാളി ജയൻ വർഗീസിൻെറ "Towards the Light" എന്ന ഇംഗ്ലീഷ് നാടകത്തിനൊരു മുഖവുര)*

**സുധീർ പണിക്കവീട്ടിൽ**

അമേരിക്കയിൽ നിന്നും കേരളത്തിൽ നിന്നുമുള്ള മലയാള പ്രസിദ്ധീകരണങ്ങൾ വായിക്കുന്നവർക്ക് ജയൻ വർഗീസ് എന്ന കവിയേയും ലേഖകനേയും പരിചയമാണ്. എന്നാൽ കേരളത്തിലെ മാത്രമല്ല സമസ്തഭാരതത്തിലേയും അരങ്ങുകളിൽ നാടകങ്ങൾ അവതരിപ്പിച്ച ഒരു നാടകക്രുത്തുകൂടിയാണദ്ദേഹമെന്നു അധികം പേർക്കുമറിയില്ല. അദ്ദേഹത്തിൻെറ നാടകങ്ങൾ കേരളത്തിൽ ആകാശവാണി പ്രക്ഷേപണം ചെയ്തിരുന്നു. പീഡനങ്ങളിൽ നിന്നും ചൂഷണങ്ങളിൽ നിന്നും മുക്തമായ ഒരു സമൂഹവും ആ സമൂഹത്തിൻെറ ആശകളും അഭിലാഷവും യാഥാർത്ഥ്യങ്ങളും അദ്ദേഹത്തിൻെറ നാടകങ്ങളിൽ പ്രതിഫലിച്ചിരുന്നു. വളരെ പ്രശസ്തമായ അംഗീകാരങ്ങളും പുരസ്കാരങ്ങളും അദ്ദേഹത്തിൻെറ നാടകങ്ങൾ നേടികൊടുത്തു. രണ്ടു തവണ അദ്ദേഹത്തിനു കേരളസംഗീതനാടക അക്കാദമി അവാർഡ് ലഭിച്ചു. അദ്ദേഹത്തിൻെറ നാടകപുസ്തകങ്ങൾ ന്യൂയോർക്കിലെ ക്യൂവീൻസ് ലൈബ്രറിയിൽ ലഭ്യമാണു. ജ്യോതിർഗമയ എന്ന മലയാള നാടകം ഇതുവരെ പ്രസിദ്ധീകരിച്ചിട്ടില്ലായിരുന്നു. ഈ നാടകം ഇംഗ്ലീഷിലേക്ക് പരിഭാഷ ചെയ്ത് "Towards the Light" എന്ന പേരിൽ ഇപ്പോൾ ഓൺലൈനിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. വെബ്‌വിലാസം http://www.lulu.com/content/331268.

ബൈബിളിലെ ബിംബങ്ങളെ അടിസ്ഥാനമാക്കിയാണ് ജയൻ വർഗീസ്സിൻെറ "വെളിച്ചത്തിലേക്ക്" എന്നു പരിഭാഷ ചെയ്യാവുന്ന ഇംഗ്ലീഷ് നാടകം "Towards the Light" രൂപപ്പെടുത്തിയിരിക്കുന്നത്. പുസ്തകങ്ങളുടെ പുസ്തകം എന്നു വിശേഷിപ്പിക്കുന്ന ബൈബിൾ സഹസ്രാബ്ദങ്ങളായി നമ്മെ പഠിപ്പിക്കുന്നു, അതു പഠിപ്പിക്കുന്ന പോലെ നമ്മൾ പ്രവർത്തിച്ചില്ലെങ്കിൽ അവസാനം ദുരിതമനുഭവിക്കേണ്ടി വരുമെന്ന്. ക്രുസ്തുദേവൻ പറഞ്ഞു. സകലവും സംഭവിക്കുവോളം ഈ തലമുറ ഒഴിഞ്ഞുപോകയില്ല. എന്നു ഞാൻ സത്യമായിട്ടു നിങ്ങളോട് പറയുന്നു. (ലൂക്കോസ്സ് 21:32). ആകാശവും ഭൂമിയും ഒഴിഞ്ഞുപോകും; എൻെറ വചനങ്ങളോ ഒഴിഞ്ഞ്പോകയില്ല. (മാത്യു 21:35) മിശിഹായുടെ ഈ സന്ദേശത്തെ വളരെ സുശക്തവും വിശ്വാസകരവുമായ വിധത്തിൽ ഈ നാടകത്തിൽ വ്യാഖ്യാനിച്ച് വ്യക്തമാക്കുന്നുണ്ട്.. അദ്ദേഹം ശ്രദ്ധ കേന്ദ്രീകരിക്കുന്നത് ആധുനിക മനുഷ്യൻെറ പരിഭ്രാന്തി, അന്യാഥത്വം, വിഷാദം, നിലവിലുള്ള കഷ്ടപ്പാടുകൾ, എന്നിവ വിവരിച്ച് അതിൻെറ കാരണങ്ങൾ തുറന്നു കാണിച്ച്, അതിനുള്ള പ്രതിവിധികൾ അഭിപ്രായപ്പെടുന്നതിലാണ്. ഹിന്ദുമത സിദ്ധാന്തങ്ങളേയും ബൈബിളിനേയും അടിസ്ഥനമാക്കിയാണു ഈ നാടകത്തിൻെറ ഇതിവ്രുത്തം അദ്ദേഹം തയ്യാറാക്കിയിരിക്കുന്നത്. നാടകത്തിൻെറ പേരു ഉപനിഷദ് പ്രാർത്ഥനയിൽ നിന്നാണു എടുത്തിരിക്കുന്നത്. തമസോമ ജ്യോതിർഗമയ.. (ഇരുട്ടിൽ നിന്നും വെളിച്ചത്തിലേക്ക്)

പിശാചിൻെറ ഹീനമായ പ്രവർത്തികളാൽ ഈ ലോകം ഇരുണ്ട് കൊണ്ടിരിക്കയാണു, നമ്മൾക്ക് ഇപ്പോൾ വേണ്ടത് വെളിച്ചമാണു. ആർക്കാണു വെളിച്ചം കൊണ്ടു വരാൻ കഴിയുന്നത്.? കുഴപ്പം പിടിച്ച സംശയങ്ങൾ നിറഞ്ഞ ഈ ലോകത്തിൽ ആർക്ക് ഒരു വെളിച്ചം കത്തിച്ച് വയ്ക്കാൻ കഴിയും. വേദനയുടെ, ശാന്തിയില്ലായ്മയുടെ, മൂഢതയുടെ, രോഗങ്ങളുടെ, നിരാശയുടെ, നഷ്ടങ്ങളുടെ അന്ധകാരത്തെ നമുക്ക് എങ്ങനെ അകറ്റാൻ കഴിയും. ഈ പ്രശ്നങ്ങളെ ജയൻ തൻെറ

നാടകത്തിലൂടെ നേരിടുന്നു. ജയന്റെ കാവ്യാത്മകമായ കഴിവുകൾ ഗദ്യനാടകങ്ങളിൽ വിശാലമായ പൊരുളുകൾ ഉള്ള ബിംബങ്ങൾ ഉൾപ്പെടുത്താൻ അദ്ദേഹത്തിനു സഹായകമാകുന്നു. നേരെയുള്ളതും മൂർത്തമായതുമായ വാസ്തവികതത്വത്തിനപ്പുറത്തേക്ക് പ്രതീകങ്ങൾ ഒരു അർത്ഥം സൂചിപ്പിക്കുന്നു.

ഉപരിപ്ലവമായ ഒരു യാഥാർത്ഥ്യത്തിന്റെ അടിയിലേക്ക് പ്രതീകാത്മകവാദികൾ എപ്പോഴും ചുഴിഞ്ഞ് നോക്കുന്നു. എന്നാൽ ദീർഘവും സങ്കീർണ്ണവുമായ വസ്തുതകളുടെ പരമ്പരയില്ലാതെ വളരെ നൈപുണ്യത്തോടെ ജയൻ അദ്ദേഹത്തിന്റെ സന്ദേശം പകരുന്നു. മുഖവുരയിൽ അദ്ദേഹം ഇബ്സെൻ, ബെർത്തോൾഡ് ബ്രെഷ്ത്, സാമുവൽ ബെക്കറ്റ്, ഷേയ്ക്സ്ഫിയർ തുടങ്ങിയ പ്രശസ്ത നാടകക്രുത്തുക്കളുടെ പേരുകൾ കൊടുത്തിട്ടുണ്ട്. അവരുടെ നാടകങ്ങളുമായി ഒരു നേർത്ത സാമ്യം തോന്നാമെങ്കിലും ഈ നാടകം രൂപത്തിലും ഉള്ളടക്കത്തിലും സ്വതന്ത്രമായി നിൽക്കുന്നു. ഇതിന്റെ രചനക്കായി അദ്ദേഹം തിരഞ്ഞെടുത്തിരിക്കുന്ന ശൈലി തികച്ചും സ്വതന്ത്രമാണ്. മേൽപ്പറഞ്ഞ നാടകക്രുത്തുക്കളുടെ പേരുകൾ സൂചിപ്പിക്കുന്നതിലൂടെ അദ്ദേഹം ഉദ്ദേശിച്ചത് പ്രസ്തുത എഴുത്തുകാർ ഉപയോഗിച്ച പ്രതീകാത്മകത, യാഥാർത്ഥ്യവാദം, അസംബന്ധ പ്രസ്ഥാവം, നാടകത്തിന്റെ മറ്റു സ്വഭാവങ്ങൾ ഈ നാടകത്തിലും കാണുമെന്നു അറിയിക്കാനായിരിക്കും. മനസ്സിൽ പതിയുന്നവിധം ബുദ്ധിതീവ്രത പ്രകടിപ്പിക്കുന്ന ഈ നാടകം പ്രതീകാത്മകവും, തന്മയത്വപരവും, ആന്തരിക ജീവിതത്തിലേക്ക് ശ്രദ്ധ ഊന്നുന്ന കലാപ്രസ്ഥാനത്തിൽ ഉൾപ്പെടുന്നതും, പ്രക്രുതിമാഹാത്മ്യവാദപരവും, ആദർശവാദപരവുമാണ്.

ഇന്നത്തെ ലോകത്തിന്റെ ഒരു ചിത്രമാണു ഈ നാടകം അവതരിപ്പിക്കുന്നത്. അത് ഒരു രാജ്യത്തിന്റേയോ, രാഷ്ട്രത്തിന്റേയോ, ഭൂഖണ്ഡത്തിന്റേയോ, അല്ല. അതിന്റെ പ്രതിപാദ്യവിഷയം സർവ്വസാധാരണമാണു. ആനുകാലിക മൂല്യങ്ങൾക്കും, പ്രശ്നങ്ങൾക്കും നേരെയുള്ള മുനയുള്ള ഒരു വിമർശനമാണത്. ഈ ലോകത്തിലെ അനീതിയോട് ധാർമ്മിക രോഷം പൂണ്ട എതിർപ്പ് അതെസമയം ഈ ലോകത്തെ മോചിപ്പിക്കാൻ പരിഹാരമുണ്ടെന്ന സൂചന. ഈ നാടകത്തിൽ ഏഴു കഥാപാത്രങ്ങൾ ഉണ്ട്. എന്നാൽ അവർക്കൊന്നിനും പേരില്ല. അവരുടെ പേരുകൾ അവർ ജീവിതത്തിൽ അഭിനയിക്കുന്ന കർത്തവ്യങ്ങളാണ്. അതനുസരിച്ച് ഒരു യജമാനനുണ്ട്; ഈ ലോകത്തിന്റെ മുഴുവൻ അധികാരവും, സ്വാധീനവും കൈക്കലാക്കിയവൻ, പിന്നെ ഒരു കാവൽക്കാരൻ, ഇയാൾ തന്റെ തലമുറയെ യജമാനനു പാദസേവ ചെയ്യാനായി കൊണ്ടുവരുന്നു. എന്നാൽ ഇയാൾ ലോകം നന്നാക്കാൻ പുതിയ ആശയവുമായി വന്നയാളാണ്. പിന്നെ ഒരു ആചാര്യൻ ഇയാൾ യജമാനന്റേയും, കാവൽക്കാരന്റേയും നയങ്ങൾക്കും പദ്ധതികൾക്കും എതിരെ വിപ്ലവമുണ്ടാക്കുന്നു, പിന്നെ ഒരു ഗുരു അദ്ദേഹം ആധുനിക ശാസ്ത്രം, വിരൂപതയുടെ രൂപത്തിൽ യജമാനന്റെ താളത്തിനൊത്ത് ആടുന്ന മരണം, പിന്നെ സാധാരണ ജനങ്ങൾ അവർ എല്ലാറ്റിനും വിട്ടു വീഴ്ച്ച ചെയ്ത് പ്രലോഭനങ്ങൾക്ക് വശംവദരായി കഴിയുന്നു. അവരെ നാടകക്രുത്തു താരതമ്യം ചെയ്യുന്നത് ബൈബിളിൽ മോസെസ് നയിച്ച ജനങ്ങളോടാണ്. മോസസ്സ് വാഗ്ദത്ത ഭൂമിയിലേക്ക് നയിച്ച ജനാവലി ദൈവം ആകാശത്ത് നിന്നും വീഴ്ത്തികൊടുത്ത മന്നാ കിട്ടിയിട്ടും ത്രുപ്തിപ്പെടാത മുറുമുറുത്ത്കൊണ്ടിരുന്നു. അവർ അക്ഷമരും മോസസ് പറയുന്ന വാഗ്ദത്ത ഭൂമിയുണ്ടെന്ന് വിശ്വസിക്കാൻ പ്രയാസമുള്ളവരുമായിരുന്നു. കുറച്ച് ദിവസങ്ങൾ മോസ്സസ്സിനു അവരിൽ നിന്നും അകന്നു നിൽക്കേണ്ടി വന്നപ്പോൾ അവനിലുള്ള വിശ്വാസം നഷ്ടപ്പെടുത്തുകയും സ്വർണ്ണം കൊണ്ടുണ്ടാക്കിയ ഒരു കാളകുട്ടിയെ അവർ ആരാധിക്കുകയും ചെയ്തു. ഈ നാടകത്തിലും നമ്മൾ കാണുന്നത് എളുപ്പത്തിൽ കാര്യങ്ങൾ സാധിക്കാൻ വേണ്ടി ജനങ്ങൾ ആചാര്യന്റെ പ്രവർത്തനങ്ങളെ നിഷ്ഫലമാക്കുന്നുതായിട്ടാണ്.. നിഷ്ക്രിയത്വം എല്ലാ തിന്മകളുടേയും മാതാവാണെന്ന പഴഞ്ചൊല്ലു സൂചിപ്പിക്കുന്നത് അലസതയെയാണ്. മനുഷ്യനു അടിസ്ഥാനപരമായി ജോലി ചെയ്യാൻ ഇഷ്ടമില്ല. അതുകൊണ്ട് അവൻ യന്ത്രമനുഷ്യരെ (Robot) കണ്ടുപിടിക്കുന്നു. അങ്ങനെ യന്ത്രമനുഷ്യനെകൊണ്ട് ജോലിചെയ്യിച്ച് ഭാവിയിൽ വരാൻ പോകുന്ന ഭവിഷ്യത്ത് അറിയാതെ അവൻ മൂഢമായ സുഖലോലുപതയിൽ കഴിയുന്നു. ജയൻ ഈ ആശയം വളരെ വ്യകതമായി കാണികൾക്ക് ബോദ്ധ്യപ്പെടും

വിധം ആവിഷ്കരിച്ചിട്ടുണ്ട്. മടിയൻെറ കൊതി അവന്നു മരണഹേതു, വേല ചെയ്യാൻ അവൻെറ കൈകൾ മടിക്കുന്നല്ലോ. (സദ്രുശ്യവാക്യങ്ങൾ)

ഈ നാടകം നൽകുന്ന സന്ദേശം എന്നും ഉറച്ച് നിൽക്കും അത് ഈ സമൂഹത്തെ സ്വാധീനിക്കും ഇന്നല്ലെങ്കിൽ നാളെ. ആനുകാലിക പ്രാധാന്യമുള്ള ഒരു ഇതിവ്രുത്തത്തിൻെറ പരിപൂർണ്ണമായ രചനാതന്ത്രം ഇതിൽ കാണാം. ഇതിലെ കഥാപാത്രങ്ങൾ നാടകത്തിൽ എഴുതിവച്ചിരിക്കുന്ന ഭാഗം കളിക്കുകയല്ല മറിച്ച് ഈ ഭൂമിയിലെ വിവിധ സമൂഹങ്ങളെ പ്രതിനിധീകരിക്കയാണ്. നാടക്രുത്ത് കഥാപാത്രങ്ങളെ ഈ ലോകത്തിൻെറ കണ്ണാടിയാക്കി അദ്ദേഹത്തിൻെറ സന്ദേശം കേൾപ്പിക്കുന്നു. പുരാതനമായ സിദ്ധാന്തങ്ങളെ മനുഷർ കാലാകാലങ്ങളായി വെല്ലുവിളിച്ച്കൊണ്ടിരിക്കുന്നുണ്ട് എന്നാൽ പൈശാചികമായ ഒരു ശക്തി പല രൂപത്തിലും പേരിലും അവതരിച്ച് നിരന്തരം അതിനെ അടിച്ചമർത്താൻ ശ്രമിക്കുന്നു. ഈ ആശയം വളരെ വിശ്വസിനീയമയ വിധത്തിൽ ഈ നാടകത്തിൽ അവതരിപ്പിച്ചിട്ടുണ്ട്.

ആചാര്യൻെറ ഒരു ചോദ്യത്തോടെയാണു നാടകം തുടങ്ങുന്നത്. ഭൂരിപക്ഷമുള്ള മനുഷ്യവർഗ്ഗത്തിൻെറ പ്രതിനിധിയാണദ്ദേഹം. മാനവതവാദത്തിൽ വിപുലവും, വൈവിധ്യമാർന്നതുമായ ദാർശനികതത്വവും, ധർമ്മനിഷ്ഠയും ഉൾക്കൊള്ളുന്നു. പലതരത്തിലുള്ള മനുഷ്യസ്നേഹികൾ ഉണ്ടെന്നു നമുക്കറിയാം. അവരിൽ പ്രധാനമായവർ മതവിശ്വാസ സ്നേഹികൾ, മതേതര വിശ്വാസ സ്നേഹികൾ, ആധുനികരായ വിശ്വാസികൾ എന്നിവരാണ്. അമർത്തപ്പെട്ട മനുഷ്യൻെറ അവകാശങ്ങൾക്ക് വേണ്ടി എന്നും മനുഷ്യസ്നേഹികൾ നിലകൊണ്ടിട്ടുണ്ട്. ഈ നാടകത്തിൽ ഈ ലോകത്തിലെ അധികാരവർഗ്ഗത്തിൻെറ പ്രതിനിധിയായ യജമാനൻ ആചാര്യനെ ചങ്ങലക്കിട്ടിരിക്കുന്നു. എന്നാൽ ആ മനുഷ്യസ്നേഹി ശുഭാപ്തി വിശ്വാസിയാണു. അയാൾ ചോദിക്കുന്നു. "പ്രഭാതമായോ" ആ ചോദ്യം വളരെ സാരഗർഭമാണ്.

അത് പ്രത്യാശയുടെ ചോദ്യമാണ്, ചോദ്യകർത്താവിൻെറ അസംത്രുപ്തിയുടെ, ഭയത്തിൻെറ, വേദനയുടെ പ്രതീക്ഷയുടെ ഒക്കെ ചോദ്യം. അതേസമയം ആ ചോദ്യത്തിൽ പ്രത്യാശ അടങ്ങിയിരിക്കുന്നു. കാരണം അദ്ദേഹത്തിനു തീർച്ചയാണ് "ഒരു ഉദയമുണ്ടാകും". മനുഷ്യവർഗ്ഗത്തെ എന്നും സ്നേഹിക്കുന്ന ആചാര്യൻ എപ്പൊഴും അധികാരത്തിനെ ചോദ്യം ചെയ്തിട്ടുണ്ട്. ഇവിടെ ആചാര്യൻ അനന്തമായ സാദ്ധ്യതകളുള്ള അദ്ദേഹത്തിൻെറ പ്രവ്രുത്തിയുമായി പ്രത്യക്ഷപ്പെടുന്നു. പുരാതനകാലം തൊട്ട് മനുഷ്യസ്നേഹികൾ ഒരു മാത്രുക സമൂഹം സ്വപ്നം കണ്ടുകൊണ്ട് മനുഷ്യവർഗ്ഗത്തിനായി സേവനം അനുഷ്ഠിച്ചിട്ടുണ്ട്. അവരുടെ ചിരസ്ഥായിയായ ശുഭാപ്തിവിശ്വാസം വിപത്തിലും നിരാശയിലും അവർക്ക് ശക്തി പകർന്നിട്ടുണ്ട്. സാധ്യമായ എല്ലാ അറിവുകളേയും നിഷേധിച്ച്കൊണ്ട് സ്വയം അനുമാനിക്കുന്ന ഒരു മനുഷ്യസ്നേഹിയായിരുന്നു സോക്രട്ടീസ്. ജയൻെറ ആചാര്യൻ ഒരു നിഷേധിയല്ല മറിച്ച് ആശാവാദിയാണ്. അയാൾ ചോദിക്കുന്നു ''പ്രഭാതമായോ''?

ഇന്നത്തെ കാലത്ത് ഒരു സാധാരണമനുഷ്യൻെറ പ്രതീക്ഷകൾക്ക് വിപരീതമായിട്ടാണു ഈ ലോകം അവൻ കാണുന്നത്. അവനെയാണു ഈ നാടകത്തിലെ ആചാര്യൻ പ്രതിനിധീകരിക്കുന്നത്. അയാളെ ബന്ധിച്ച് ഇരുട്ടറയിൽ പൂട്ടിയിരിക്കുന്നു. ഇതാണു ഇന്നത്തെ ലോകത്തിൻെറ ശാപം. ഈ തലമുറയിലെ ഭൂരിപക്ഷം മനുഷ്യരും ആ അവസ്ഥയിലാണു. തലമുറ തലമുറയായി അവർ ചങ്ങലയിലാണു, ഇപ്പോഴും ചങ്ങലയിലാണു, അധികാരത്തിൻേറയും പ്രതാപത്തിൻേറയും ചങ്ങല. സാധാരണ മനുഷ്യൻെറ സ്വപ്നങ്ങളും പ്രതീക്ഷകളും അധികാരവും, പ്രതാപവുമുള്ളവരുടെ ഭാരത്തിൽ ചതഞ്ഞരഞ്ഞ് പോകുന്നു. അധികാരത്തിനു വേണ്ടിയുള്ള ആ പ്രഭുക്കളുടെ വടംവലി ഇന്നത്തെ മനുഷ്യൻെറ അവശനിലയെ കൂടുതൽ അവശമാക്കുന്നു. ഈ മനുഷ്യരെ പ്രലോഭിപ്പിച്ചുകൊണ്ട് അധികാരവർഗ്ഗം ചൂഷണം ചെയ്യുന്നു. ഈ ജീവിതത്തിനു ശേഷം കിട്ടുന്ന സ്വർഗ്ഗം എന്ന പ്രലോഭനം. വളരെയധികം

ചർച്ചചെയ്യപ്പെട്ട സ്വർഗ്ഗം അധികാരിയുടെ നാനാവർണ്ണങ്ങളുള്ള ഒരു താക്കോൽ കൂട്ടത്തിലെ താക്കോൽ കൊണ്ട് തുറക്കാമെന്നു പറഞ്ഞ് ഈ ചൂഷണത്തെ ജയൻ നിശിതമായി പരിഹസിക്കുന്നുണ്ട്.

അഭിനയവും സാഹിത്യവും കൂടിയ ഒരു മിശ്രിതമാണ് നാടകം. ഈ നാടകം ഒരു സാഹിത്യക്രുതിയായി വായിക്കാനും അതെ സമയം അരങ്ങിൽ അവതരിപ്പിക്കാനും സാധിക്കുന്നതാണ്. വളരെ ഗുരുതരമായ തെറ്റിൽ വീണുകൊണ്ടിരിക്കുന്ന ഇന്നത്തെ ലോകത്തിൻെറ ഗതി കണ്ട് അതിൽ നിന്നും ഗ്രഹിച്ച് എടുത്തതാണി നാടകത്തിൻെറ ഇതിവ്രുത്തം. മലിനീകരണം, വനനശീകരണം, മത അസഹിഷ്ണുത, യുദ്ധങ്ങൾ ഇവയെല്ലാം, ലോകത്തിൽ നടന്നിട്ടും ആരും അത് ഗൗനിക്കുന്നില്ല. രാഷ്ട്രീയകാരും ഭരണാധികാരികളും അവരുടെ സ്ഥാനമാനങ്ങൾ ഉറപ്പിച്ച് നിറുത്തുന്നതിലും, ജനങ്ങൾക്ക് മീതെയുള്ള അവരുടെ അധികാരം പോകാതെ സൂക്ഷിക്കുന്നതിലും ശ്രദ്ധ പുലർത്തുന്നു. ദുരന്തങ്ങളും, അത്യാഹിതങ്ങളും ദൈവത്തിൻെറ കോപം മൂലമാണെന്ന് മാദ്ധ്യമങ്ങൾ എഴുതിവിടുന്നു, പ്രക്ഷേപണം ചെയ്യുന്നു, സംപ്രേക്ഷണം ചെയ്യുന്നു. ജനങ്ങൾക്ക് എന്നും അസൗകര്യങ്ങൾ മാത്രം.

മുതലാളിത്വവാദത്തിനെതിരെ, അധികാരി വർഗ്ഗത്തിനെതിരെ, മത രാഷ്ട്രീയ സംഘടനകളുടെ അധികാര ദുർവിനിയോഗത്തിനെതിരെ, നല്ലതും ചീത്തയുമായ ശാസ്ത്രത്തിനെതിരെ അവതരിപ്പിക്കുന്ന ഒരു വിമർശനമാണ് ഈ നാടകം. സാധാരണ ജനങ്ങളെ ചൂഷണം ചെയ്യുന്ന ആ വ്യവസ്ഥിതിയെ ജയൻ രൂക്ഷമായി വിമർശിക്കയും നവനിലൂടെ മോചനമുണ്ടെന്ന് അറിയിക്കയും ചെയ്യുന്നു. ശാസ്ത്രത്തിൻെറ സഹായത്തോടെ ആചാര്യനെ മോചിപ്പിക്കാനും യജമാനനെ അദ്ദേഹത്തിൻെറ അധികാരങ്ങളിൽ നിന്നും മറിച്ചിടാനും നവനു കഴിയുന്നു.ജയൻ പിന്നെ ഒരു ധർമ്മോപദേശം ചെയ്യുന്നു ഈ ലോകത്തിൽ മാത്രുകാപരമായ ഒരു ജീവിതം നേടാൻ വേണ്ടത്, സാർവ്വലൗകികമായ സ്നേഹമാണു. നവൻ എന്ന കഥാപാത്രത്തിലൂടെ ജയൻ കാണിച്ച് തരുന്നത് വളർച്ചക്കായി മനുഷ്യനുള്ള കരുത്തും ജീവിതം നല്ല രീതിയിലേക്ക് നയിക്കാനുള്ള കഴിവുമാണു. ഈ നാടകത്തിലെ ധാർമ്മികോപദേശമാണിത്.

ഈ അടുത്തകാലം വരെ ലോകത്തിലെ പലയിടത്തും ജന്മിത്തസമ്പ്രദായം നിലനിന്നിരുന്നു. ഏറ്റവും അധികം വായിക്കപ്പെട്ട കമ്യൂണിസ്റ്റ് മാനിഫെസ്റ്റൊ പരിചയപ്പെടുത്തുന്നത് ഇങ്ങനെ – സമൂഹം പല തട്ടുകളായ വികാസം പ്രാപിച്ചത് സ്വതന്ത്രനും അടിമയും, യജമാനനും ദാസനും, ചൂഷകനും പീഢിതനും, ഇവരൊക്കെ ഇപ്പോൾ വ്യവസ്ഥിതിയെന്നും സാധാരണ മനുഷ്യൻ എന്നും അറിയപ്പെടുന്നു. അധികാരം പിടിച്ച് പറിച്ചവരും, അതുറപ്പിച്ച് നിർത്തിയവരും അവരുടെ തലമുറകളിലൂടെ പണിതതാണീ വ്യവസ്ഥിതി., അധികാരത്തിൻേറയും സ്വാധീനത്തിൻെറയും കോട്ട. വ്യവസ്ഥിതി സാധാരണ മനുഷ്യൻെറ ദൗർഭല്യങ്ങളേയും നിസ്സഹായതയേയും ചൂഷണം ചെയ്തുകൊണ്ടിരുന്നു. ജയൻെറ കഥാപാത്രങ്ങൾ ആധുനിക ലോകത്തിൻെറ വ്യാധികളെ കുറിച്ച് സംസാരിക്കുന്നു. ഇതിനു ഏറ്റവും നല്ല ഉദാഹരണം ഈ നാടകത്തിലെ ഗുരു കാവൽക്കാരനെ പരിശോധിച്ച ഒരു രോഗലക്ഷണ റിപ്പോർട്ടിൽ പറയുന്നു "കാവൽക്കാരൻ വല്ലപ്പോഴും ഭക്ഷണം കഴിക്കണമെന്നു. ഇവിടെ നാടകക്രുത്ത് മാർക്സിസത്തെക്കുറിച്ചുള്ള മനുഷവർഗസ്നേഹം സൂചിപ്പിക്കുന്നു. ഈ ആശയം ബലപ്പെടുത്താൻ ആചാര്യനെ കാറൽമാർക്സിനെ ഓർമ്മപെടുത്തുന്ന വിധത്തിൽ അവതരിപ്പിക്കുന്നു. കാറൽമാർക്സിൻെറ സിദ്ധാന്തപ്രകാരം മനുഷ്യൻെറ സ്വാഭാവികമായ സ്വാതന്ത്ര്യത്തിനു തടസ്സമായി ക്യാപിറ്റലിസം നിന്നു. ക്യാപിറ്റലിസം ജോലിക്കാരെ നിയമിച്ചത് അവരുടെ പദ്ധതിയും ആഗ്രഹവും പ്രകാരം ഉൽപ്പന്നങ്ങൾ ഉണ്ടാക്കാനാണ്. അതിനായി ജോലികാർക്ക് കൂലി കൊടുക്കുന്നു. എന്നാൽ ജോലിക്കാർക്ക് നല്ല വേതനം കിട്ടാത്തത്കൊണ്ട് അവർക്ക് അവരുടെ സ്ഥാനവും അന്തസ്സും നിലനിർത്താൻ കഴിയുന്നില്ല. ഈ നാടകത്തിലെ യജമാനനെ വളരെ കാലം സേവചെയ്ത കാവൽക്കാരൻെറ സംസാരത്തിലൂടെ നാടകക്രുത്ത് ഈ ആശയം വെളിപ്പെടുത്തുന്നു. ഇതിലെ യജമാനൻ കാവൽക്കാരനോട് വയസ്സായതിനാൽ ജോലിയിൽനിന്നു വിരമിക്കാൻ ആവശ്യപ്പെടുന്നു എന്നാൽ അദ്ദേഹത്തിനു മതിയാംവണ്ണം നഷ്ടപരിഹാരം നൽകാൻ തയ്യാറല്ല.

യജമാനൻ തൻെറ നാനവർണ്ണ താക്കോൽ കൂട്ടത്തിൽ നിന്നും  ഒരു വ്യാജ താക്കോൽ കാവൽക്കാരനു കൊടുക്കുന്നു. ഇതു കണ്ടുകൊണ്ടിരുന്ന ആചാര്യൻ അഭിപ്രായപ്പെടുന്നു സ്വർണ്ണതാക്കോൽ  പൂട്ടു തുറക്കാൻ പര്യാപ്തമല്ലാത്തപ്പോൾ ഒരു വ്യാജതാക്കോൽ എങ്ങനെ പ്രവർത്തിക്കും. ആചാര്യനു യജമാനൻെറ ഉദ്ദേശ്യം അറിയാം പക്ഷെ കാവൽക്കാരൻ  അത് മനസ്സിലാക്കുന്നത് പിന്നീടാണു.

ശാസ്ത്രത്തിനു നിരക്കാത്ത മതത്തിൻെറ പരമ്പ്രാഗതമായ തത്വങ്ങളെ ജയൻ ചോദ്യം ചെയ്യുന്നു. ജീവിതത്തിൻെറ ബുദ്ധിമുട്ടുകളും വെല്ലുവിളികളും അഭിമുഖീകരിക്കുമ്പോൾ മനുഷ്യൻ മതത്തിൻെറ മാർഗനിർദ്ദേശങ്ങളെ ആശ്രയിക്കുന്നു.  എന്നാൽ മതം മനുഷ്യനു ആവശ്യമുള്ള  സഹായം നൽകുന്നില്ല. നാനാജാതി മതങ്ങളുടെ ജനനത്തോടെ മതഭ്രാന്തന്മാരും ക്രൂരരുമായ നേതാക്കളെ  ഉണ്ടാക്കി; അവർ മനുഷ്യ വർഗ്ഗത്തെ ചൂഷണം ചെയ്തു.  നാടകത്തിൻെറ ആദ്യസീനിൻെറ പശ്ചാത്തലത്തിൽ  പുരാതനവും, മതപരവും, തത്വചിന്താപരവുമായ പുസ്തകങ്ങൾ അടക്കി വച്ച് ജയൻ മേൽപ്പറഞ്ഞ കാര്യത്തെ പരിഹസിച്ചിരിക്കുന്നു. വ്യവസ്ഥിതിയുടെ  വിവിധ  പടികൾ കടന്നുപോകുന്ന മികച്ച പരിണാമക്രമം കാണിച്ച് തരുന്നത് ജയൻെറ നാടകകലയുടെ തിളക്കമാണ്.

ചൂഷണം ചെയ്യപ്പെട്ട മനുഷ്യൻെറ വിരോധം വളർന്നു. എന്നാൽ അവർ ചങ്ങലയിലായിരുന്നു. കാലാനുസരണം പലരും സമയത്തിൻെറ ആവശ്യപ്രകാരം വിട്ടുവീഴ്ചകൾ ചെയ്തെങ്കിലും ആചാര്യൻ നല്ലൊരു നാളെയെക്കുറിച്ച് സുപ്രതീക്ഷ മനസ്സിൽ കരുതി. ബൈബിൾ വാഗ്ദാനം ചെയ്യുന്നപോലെ ഒരു പുതിയ ആകാശവും പുതിയ ഭൂമിയും അയാൾ സ്വപനം കണ്ടു.. പക്ഷെ അതു എപ്പോൾ സാക്ഷത്കരിക്കപ്പെടുമെന്നു അദ്ദേഹത്തിനു തീർച്ചയില്ലായിരുന്നു. അതുകൊണ്ട് അദ്ദേഹം ചോദിക്കുന്നു പ്രഭാതമായോ? ആ പ്രഭാതം വന്നുവോ എന്നു? നവൻെറ ആഗമനം അദ്ദേഹത്തിനു സന്തോഷവും ആശ്വാസവും നൽകി. പ്രഭാതം അകലെയല്ലെന്നു അദ്ദേഹം അറിയിക്കാൻ തുടങ്ങി.

ഒരു ഗുണപാഠത്തിൻെറ ഉൾക്കാഴ്ച്ചയോടെ വളരെ ശക്തമായ സംഭാഷണങ്ങൾ എഴുതാൻ ജയനു വൈദഗ്ദ്യമുണ്ട്. മറ്റുള്ളവരുടെ  ചൂഷണങ്ങളിൽ നിന്നു രക്ഷപ്പെട്ട് എല്ലാവരും സുഖമായി ജീവിക്കുന്ന ഒരു മാത്രുകാസമൂഹമാണു അദ്ദേഹം ഉദ്ദേശിക്കുന്നത്. സംഭാഷണങ്ങളുടെ ശൈലിയും പ്രതീകങ്ങളുടെ ഉപയോഗവും വളരെ ശ്രേഷ്ടമാണ്. രണ്ട് രംഗങ്ങളിൽ യജമാനൻെറ ദണ്ഡ് അല്ലെങ്കിൽ ചെങ്കോൽ അയാളുടെ കയ്യിൽ നിന്നും വഴുതി വീണു. അത് തലകുത്തനായി കിടക്കുന്നത് നമ്മൾ കാണുന്നു. അദ്ദേഹത്തിൻെറ ആസന്നമായ പതനത്തിൻേറയും തളർച്ചയുടേയും ഒരു സൂചനയാണത്.  ശാസ്ത്രത്തിൻെറ ശക്തിയുപയോഗിച്ച്  യജമാനൻ  ഈ ലോകം അദ്ദേഹത്തിൻെറ കാൽകീഴിൽ വച്ചു. ഈ കാര്യം വളരെ ഉജ്ജ്വലമായ ഒരു സംഭാഷണത്തിലൂടെ അയാൾ വ്യക്തമാക്കുന്നു. ശാസ്ത്രം കണ്ടുപിടിച്ച ഒരു വാൾ എനിക്കുണ്ടെന്നു അദ്ദേഹം പറയുന്നു. സാന്മാർഗികാധഃപതനം, നഷ്ടപ്പെടുന്ന ദൈവവിശ്വാസം, ദാരിദ്ര്യം, അണുബോമ്പുകളുടെ ഭീഷണി ഇതെല്ലാം നാടകക്രുത്തിനെ അലോസരപ്പെടുത്തുന്നു. അദ്ദേഹം ആ വിഷയം തൻെറ രചനകളിൽ വീണ്ടും വീണ്ടും ഉൾപ്പെടുത്തുന്നു. ദാരിദ്ര്യവും രോഗവും മനുഷ്യരാശിയെ അടിമപ്പെടുത്തുന്നു. ശാസ്ത്രത്തിൻെറ  ആവിർഭാവത്തോടെ വളരെ മാരകമായ രോഗങ്ങൾക്ക് മരുന്നുകൾ കണ്ടെത്താനായിട്ടുണ്ട്. ഈ നേട്ടം നാടകക്രുത്ത് ഭംഗിയായി അവതരിപ്പിച്ചിട്ടുണ്ട്.. രംഗത്തെത്തുന്ന മരണത്തെ ശാസ്ത്രത്തിൻെറ പ്രതീകമായ ഗുരു കീഴ്പ്പെടുത്തി  തിരിച്ചയക്കുന്നു.

നവൻ യജമാനനോട് പറയുന്നു: എൻെറ തലമുറകളെ തടവിലാക്കിയ കാരാഗ്രുഹത്തിൽ തന്നെ ഞാൻ നിന്നെ ബന്ധിക്കും. സ്വാതന്ത്രം ഉടനെയെന്നു പ്രതീക്ഷിച്ചുകൊണ്ടിരിക്കുന്ന മനുഷ്യസ്നേഹിക്ക് ഈ പുതിയ മനുഷ്യൻെറ ശബ്ദം  ശക്തിയും ആത്മവിശ്വാസ്വം പകരുന്നു. ഗുരുവിൻേറയും യജമാനൻേറയും  സംഭാഷണത്തിലൂടെ നാടകക്രുത്ത് ശാസ്ത്രത്തിൻെറ ഗുണകരമല്ലാത്ത കാര്യങ്ങളെക്കുറിച്ച് ഘോരമായി വ്യക്തമാക്കുന്നുണ്ട്. ശാസ്ത്രത്തിൻേറയും സാങ്കേതികതയുടേയും വേഗത്തിലുള്ള വളർച്ച സാമൂഹ്യവും സാമ്പത്തികവുമായി പ്രയോജനപ്പെടുന്നെങ്കിലും ജയൻ ഒരു

മുന്നറിയിപ്പ് തരുന്നു. ഈ ശാസ്ത്രപുരോഗതി തെറ്റായ കൈകളിലെത്തിയാൽ അത് ലോകത്തിനു ഒരു ഭീഷണിയായി ഭവിക്കും. ഈ ലോകം മുഴുവൻ ഭയത്തോടെ ജീവിക്കുന്ന ഒരു അവസ്ഥയാണു യജമാനൻ ആഗ്രഹിക്കുന്നത്. അദ്ദേഹത്തിൻെറ താളത്തിനൊത്ത് ഈ ലോകത്തെ തുള്ളിക്കാൻ അദ്ദേഹത്തിനറിയാം. ശാസ്ത്രം ഒരു വാളുണ്ടാക്കി യജമാനനും പരിചയുണ്ടാക്കി പുതിയ മനുഷ്യനും കൊടുത്തു. ശാസ്ത്ര്ത്തിനു മരണത്തെപോലും നിയന്ത്രിക്കാനുള്ള കഴിവു കൈവരുന്നു. ശാസ്ത്ര കണ്ടുപിടുത്തങ്ങളെ തൻെറ കുടില തന്ത്രങ്ങൾ ഉപയോഗിച്ച് യജമാനൻ ശക്തിയും സ്വാധീനവും കരസ്ഥമാക്കുന്നു.

ഭൗതിക ലോകത്ത് എത്രത്തോളം മാറ്റങ്ങൾ ശാസ്ത്രം വരുത്തുന്നുവോ അത്രത്തോളം തന്നെ അത് മനുഷ്യൻെറ വിശ്വാസങ്ങളെ വെല്ലുവിളിക്കുന്നു. ആധുനിക കണ്ടുപിടുത്തങ്ങൾ മനുഷ്യനു സുഖവും ആഡംബരങ്ങളും നൽകിയെങ്കിലും അവക്കടിയിൽ ഒരു അപകടം പതിയിരുന്നു. ശാസ്ത്ര്ജ്ഞന്മാർ ലോകപുരോഗതിക്ക് വേണ്ടി പ്രവർത്തിച്ചപ്പോൾ യജമാനന്മാർ അത് അവരുടെ ഗുണത്തിനായി ഉപയോഗിച്ചു. വളരെ വൈകിയതിനു ശേഷം മാത്രമെ സാധാരണ ജനം അതു മനസ്സിലാക്കിയുള്ളു. ഈ സത്യം വളരെ പ്രതീകാത്മകമായി നാടകക്രുത്ത് അവതരിപ്പിച്ചിട്ടുണ്ട്.

ആചാര്യൻെറ കാലിലെ ചങ്ങല ഊരിമാറ്റാൻ ശ്രമിച്ചപ്പോൾ അദ്ദേഹം അത് തിരസ്കരിക്കുന്നു. അപ്പോൾ പുറത്ത് ജനം യന്ത്രമനുഷ്യനെ കണ്ടുപിടിച്ച സന്തോഷത്തിൽ അതിനെ രക്ഷകനായി കണ്ട് ആഹ്ലാദിക്കുകയായിരുന്നു. മനുഷ്യസ്നേഹി ആഗ്രഹിക്കുന്നത് ഹ്രുദയത്തിൻെറ സ്വാതന്ത്ര്യമാണ്, അതായ്ത് പൂർണ്ണമായ സ്വാതന്ത്ര്യം. ഇതു സാധിക്കണമെങ്കിൽ ശാസ്ത്രത്തിൻെറ കണ്ടുപിടുത്തങ്ങൾ മനുഷ്യരാശിയുടെ പുരോഗമനത്തിനായി നിയോഗിക്കണം. ആക്ഷേപിക സിദ്ധാന്തത്തിൻെറ സമവാക്യം മനുഷ്യൻ ചൊവ്വയിലേക്ക് എന്ന വാർത്തവന്ന പത്രംകൊണ്ട് മറച്ചുപ്പിടിക്കുന്നത് പ്രതിമാനങ്ങളുടെ ഏറ്റവും നല്ല ഒരു മാത്രുക. ഇതൊരുപക്ഷെ പ്രത്യക്ഷത്തിൽ പരസ്പരം വിപരീതമായി തോന്നാമെങ്കിലും ഇതിലൂടെ ജയൻ യാഥാർത്ഥ്യത്തിലേക്ക് കാണികളുടേയും വായനകാരുടേയും ശ്രദ്ധ ക്ഷണിക്കുന്നു. ജയൻ ധൈര്യസമേതം എഴുതുന്നു" ഐൻസ്റ്റൈൻ നിങ്ങൾ വഞ്ചിക്കപ്പെട്ടിരിക്കുന്നു. ജനങ്ങൾ എപ്പോഴും ഉപരിപ്ലവമായ് സത്യാവസ്ഥ മാത്രം കാണുന്നു എന്നാൽ അതിനടിയിൽ കിടക്കുന്ന കാപട്യം കാണുന്നില്ല. സത്യം സ്വർണ്ണപാത്രം കൊണ്ട് മൂടിയിരിക്കുന്നുവെന്നു വേദങ്ങൾ നേരെ ചൊവ്വേ പറയുന്നു.

ഇതെല്ലാം വിവരിച്ചതിനു ശേഷം ജയൻെറ നിർണ്ണയം ഇങ്ങനെ- ഒരേ ഒരു സഹായവും സാന്ത്വനവും വരുന്നത് ദൈവത്തിൽ നിന്നാണ് ശാസ്ത്രീയമായ അറിവുകളിൽ വിടവുണ്ടാകുമ്പോൾ അത് നിറക്കുന്നത് ദൈവമാണ്. ഭഗവത് ഗീതയിൽ ഭഗവൻ പറയുന്നു ധർമ്മത്തിനു ച്യുതി വരുമ്പോൾ, അധർമ്മം മൂക്കുമ്പോൾ ഭഗവൻ അവതരിക്കുന്നു. വരികൾ ഇങ്ങനെ: "യദാ യദാ ഹി ധർമ്മസ്യ ഗ്ലാനിർ ഭവതി ഭാരത, അഭ്യുത്ഥാനമധർമ്മസ്യ, തദാത്മാനം സ്രുജാമ്രുഹം"

അനാദികാലുത്തുണ്ടായ ഒരു സംഹാരത്തിൽ നിന്നും മനുഷ്യരാശിയെ രക്ഷിക്കാൻ ഉയർത്തെഴുന്നേറ്റ് വന്ന ഒരു അവതാരമായി നവനെ ജയൻ നമുക്ക് പരിചയപ്പെടുത്തുന്നു. അധികാരത്തെ, ,ഈ നാടകത്തിൽ അതിനെ പ്രതിനിധീകരിക്കുന്ന യജമാനനെ ഇല്ലായ്മ ചെയ്യാൻ മനുഷ്യനു കഴിഞ്ഞില്ലെന്നു ജയൻ തെളിയിക്കുന്നു. മറിച്ച് അത്തരം അധികാര ശക്തികൾ ഓരോ രൂപത്തിലും ഭാവത്തിലും ജന്മമെടുത്ത് പിൽക്കാലത്ത് അവർക്ക് ഒരു ഭീഷണിയാകുന്നു. മതത്തെയും ശാസ്ത്രത്തെയും ഏകീകരിക്കുക സാദ്ധ്യമല്ല. ഇതു രണ്ടിനും ഓരോന്നു പറയാനും അതു തെളിയിക്കാനും അവരുടേതായ വഴികൾ ഉണ്ട്. എന്നിരുന്നാലും ജയൻ സൂചന തരുന്നത് ഭൂരിപക്ഷം ജനങ്ങളും മതത്തെക്കാൾ ശാസ്ത്രത്തെ തിരഞ്ഞെടുക്കുമെന്നാണ്. കാരണം അതാണു അവർക്ക് സൗകര്യങ്ങൾ നൽകുന്നത് പക്ഷെ അങ്ങനെ തിരഞ്ഞെടുക്കുമ്പോൾ അവർ അതിൻെറ അനന്തരഫലത്തെ കുറിച്ച് തീർത്തും

ബോധവാന്മാരല്ല. അതനുസരിച്ച് സാത്താൻെറ അടയാളമുള്ള ആളുകൾ ആചാര്യനോട് സംസാരിക്കുന്നത് ജയൻ വെളിവാക്കുന്നു. ഈജ്പ്റ്റിൽ നിന്നും സ്വതന്ത്രരായ ജനങ്ങൾ അവരുടെ സംശയങ്ങളും ചോദ്യങ്ങളുമായി മരുഭൂമിയിലെ വന്യതയിൽ മോസസ്സിനെ ചീത്ത വിളിക്കുന്നു. ആചാര്യൻ വളരെ ധീരതയോടെ ആ ആപൽഘട്ടത്തെ അഭിമുഖീകരിച്ച് അവർക്ക് മുന്നറിയിപ്പ് നൽകുന്നു. വെളിപ്പാടു പുസ്തകം അദ്ധ്യായം 13, 17 മുതൽ 18 വരെയുള്ള വാക്യങ്ങളിൽ 666 (ഈ സംഖ്യകളുടെ അക്ഷരങ്ങൾ യോജിപ്പിച്ചാൽ " സാത്താനെ പ്രതീക്ഷിക്കുക" എന്നർത്ഥം വരുന്ന വാചകം കിട്ടുന്നു) അന്ത്യക്രുസ്തുവെന്നു വിളിക്കുന്ന മൃഗത്തിൻെറ നമ്പറാണത്. ബൈബിൾ നമ്മോട് പറയുന്നു. മൃഗത്തിൻെറ അടയാളം മൃഗത്തിനെയോ അല്ലെങ്കിൽ അതിൻെറ ബിംബത്തേയോ ആരാധിച്ചാൽ മാത്രം കിട്ടുന്നു. (Rev. 14-9, 14-11, 16-2) . മുൻ കരുതലുകൾ ശീലിക്കാൻ നാടകക്രുത്തിൽ നിന്നും മനുഷ്യരാശിക്ക് കിട്ടുന്ന ഒരു മുന്നറിയിപ്പാണിത്.

ഹിന്ദു തത്വചിന്താപരമായ സങ്കൽപ്പമനുസരിച്ച് പുറത്ത് നിന്നുള്ള വെളിച്ചം കൊണ്ട് നമ്മൾ അകമെ വിളക്കു കൊളുത്തണം. ഇത് സാദ്ധ്യമാകുന്നത് മനസ്സിലും, ശരീരത്തിലും, വാക്കിലുമുള്ള പരിശുദ്ധികൊണ്ടാണു. അന്ധകാരമുള്ളപ്പോൾ നാം നമ്മുടെ ഉള്ളിൽ പ്രകാശിക്കുന്ന വിളക്കെടുത്ത് നമ്മൾ പോകുന്നിടത്ത് കൊണ്ടുപോകണം. ഇതാണു പ്രവർത്തി മാർഗ്ഗം. മടിയന്മാരായവർക്ക് ഈ ദിവ്യമായ പ്രകാശം ഉപയോഗിക്കാൻ കഴിയില്ല. അതുകൊണ്ടാണു പറയുന്നത് നിങ്ങൾക്ക് ഒരു വിളക്കുണ്ടെങ്കിൽ അത് ഒരിടത്ത് വച്ച് നിങ്ങൾക്ക് ദൂരേക്ക് യാത്ര ചെയ്യാൻ കഴിയില്ലെന്നു. നിങ്ങൾ ആ വിളക്ക് കൂടെകൊണ്ട് നടക്കണം എങ്കിലെ അതു വെളിച്ചം നൽകുകയുള്ളു. ഹ്രുദയവിശുദ്ധി സ്നേഹം കൊണ്ട് നിറയുമ്പോൾ ആ സ്നേഹം വിളക്കാകുന്നു. അത് ഈ ലോകത്തെ പ്രകാശിപ്പിക്കുന്നു. ഉപനിഷദ് പ്രകാരം സത്യമാണു വിജയിക്കുന്നത്, വ്യാജമല്ല. സത്യത്തിനാൽ ദിവ്യത്വത്തിലേക്കുള്ള വഴിയൊരുക്കിയിരിക്കുന്നു. അതിൻെറ വിളിയോ വെളിച്ചത്തിനും അറിവിന്നും വേണ്ടി. ക്രുസ്തുദേവൻെറ തിരുവചനങ്ങളുടേയും ഹിന്ദു മതതത്വചിന്തകളുടേയും ഒരു മിശ്രിതമാണീ നാടകം.

കാണികളുടെ മനസ്സിൽ ഈ നാടകം ഒരു ചോദ്യം നിക്ഷേപിക്കുന്നു. പ്രഭാതമായോ? അതു മനുഷ്യ്യാശിക്കുള്ള സൗമ്യമായ ഒരു സൂചനയാണു അവർ ചുറ്റുമുള്ള അന്ധകാരം മനസ്സിലാക്കി ഉദയത്തിനായി മുന്നോട്ട് നോക്കാൻ പ്രാപ്തരായോ? നാടകം നമ്മെ ഇതു കൂടി ഓർമ്മിപ്പിക്കുന്നു. ഈ ലോകത്തിലെ ജനങ്ങൾ അവരുടെ ജീവിതം നവീകരിച്ചില്ലെങ്കിൽ അവർ നിത്യമായ അന്ധകാരത്തിൽ, സാത്താൻെറ പിടികിട്ടാത്ത ശക്തിയാൽ ചൂഷണം ചെയ്യപ്പെടും. നവൻ എന്ന കഥാപാത്രം ജീസസ് ക്രൈസ്റ്റിനു സദ്രുശ്യനായി കാണപ്പെട്ടുകൊണ്ട് അദ്ദേഹം വഴിയും, സത്യവും, ഈ ലോകത്തിനു വെളിച്ചവും കാണിക്കുന്നു.

നാടകത്തിൻെറ സമാപ്തി ചൂണ്ടിക്കാണിക്കുന്നത് മതപരമല്ലത്ത മനുഷ്യത്വം മനുഷ്യരുടെ പുരോഗമനത്തിനാവശ്യമെന്നാണ്. ഈ നാടകം എക്സ്പ്രഷ്ണിസവും സിമ്പോളിസവും തമ്മിലുള്ള ചേരുവയാണു. അത് പ്രാവീണ്യതയോടെ നാടകക്രുത്ത് നിർവ്വഹിച്ചിട്ടുണ്ട്.

**ശുഭം**